# സകലകലാ വല്ലഭൻ

ആയിരത്തി തൊള്ളായിരത്തി ഇരുപതുകളിൽ അമ്പലമാട് പ്രദേശത്ത് മൂച്ചിക്കടവൻ പൈക്കാട്ട് കുഞ്ഞലവിയുടെ മകനായിട്ടായിരുന്നു കുഞ്ഞാലൻ കുട്ടി മാസ്റ്ററുടെ ജനനം. അന്നത്തെ എലമെന്ററി സ്കൂൾ അധ്യാപകനായി കലാലയ ജീവിതം തുടങ്ങുന്നത് അരീക്കോട് ഒതായിയിലാണ്. നാട്ടുകാരി തന്നെയായ കോഴിക്കറ മാട്ടിൽ കുഞ്ഞീമ ആയിരുന്നു മാഷിന്റെ നല്ല പാതി. പരന്ന വായനയുടെയും പുസ്തകങ്ങളുടെതുമായിരുന്നു മാഷിന്റെ ലോകം, വായന ഒരു വിനോദോപാധിയായി കണ്ടിരുന്ന അപൂർവ്വം മനുഷ്യലൊരാൾ. അവസാന ഘട്ടത്തിൽ മാഷ് ജോലി ചെയ്തിരുന്നത് ഇരിങ്ങല്ലൂർ AMLP സ്കൂളിലായിരുന്നു. 1969 ലാണ് മാഷ് ജീവിതത്തിൽ നിന്ന് തന്നെ വിടവാങ്ങുന്നത്.

നടെ പറഞ്ഞ പോലെ വൈവിധ്യങ്ങളുടെ സമ്മോഹനമായിരുന്നു അദ്ദേഹത്തിന്റെ വായനയുടെ ലോകം. മത-ആത്മീയത ഒരു വശത്ത്, ഭൗതിക-ശാസ്ത്രീയത മറ്റൊരു വശത്ത്, അതെ സമയം തന്നെ അന്നത്തെ പ്രധാന ചികിത്സാ രീതികളായ ആര്യവൈദ്യത്തിലും ഹോമിയോ പതിയിലും ആഴത്തിലുള്ള അവിവുകൾ വായനയിലൂടെ അദ്ദേഹം സ്വായത്തമാക്കിയിരുന്നു. മൂച്ചിക്കടവൻ പൈക്കാട്ട് കുടുംബം ദാനം ചെയ്ത മദ്രസ ആരംഭിക്കുന്നതിനു മുമ്പ് നാട്ടുകാരിൽ പലരും ഖുർആൻ പഠിച്ചിരുന്നത് മാഷിന്റെ വീട്ടിൽ പോയിട്ടായിരുന്നു.

അധ്യാപക ജോലിയിൽ നിന്നും വിരമിച്ച ശേഷം മാസ്റ്റർ ഹോമിയോപതിയിൽ ചികിത്സ നടത്തിയിരുന്നു. കുഞ്ഞാലൻ മാസ്റ്റർക്ക് പതിനൊന്ന് മക്കളുണ്ടായിരുന്നു, മൂത്ത ആൾ മുഹമ്മദാലി, ഇളയവൾ മറിയം. മക്കളിൽ എഴു പേര് മരണമടഞ്ഞു, നാല് പേർ ജീവിച്ചിരിപ്പുണ്ട്.

അദ്ധ്യേഹത്തിന്റെ ഇളയ സഹോദരൻ മുഹമ്മദ് പലപ്പൊഴും പരദേശിയായിരുന്നു. അദ്ധ്യേഹവും മരിച്ചു പോയെങ്കിലും ഭാര്യയും കുട്ടികളും ഊരകം അഞ്ചു പറമ്പിൽ താമസിക്കുന്നുണ്ട്.

***ഇബ്രാഹിം അരീക്കോട്***